(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ സബ്സിഡിക്കും മാർക്കറ്റിലിടപെടലിനും ആവശ്യമായ തുക ധനകാര്യവകുപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഓരോ വർഷങ്ങളിലും സബ്സിഡിയിനത്തിലും കമ്പോള ഇടപെടലിനും ആയി എന്തു തുക വീതമാണ് നീക്കിവച്ചിട്ടുള്ളത്;

(സി) ഭക്ഷ്യ വകുപ്പ് ആവശ്യപ്പെട്ട അത്രയും പണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) കേന്ദ്ര സർക്കാർ റേഷൻ സബ്സിഡി വെട്ടിക്കുറച്ചാലും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ അനുവദിക്കില്ല എന്ന സർക്കാരിന്റെ നയം നടപ്പിലാക്കാൻവേണ്ടി 2000-2001-ൽ നീക്കിവച്ചിരിക്കുന്ന തുക എത്രയാണ്;

(ഇ) ഈ തുകകൊണ്ട് റേഷൻ അരി കഴിഞ്ഞവർഷം നൽകിയ വിലയ്ക്കുതന്നെ നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക ചുവടെ വിവരിക്കുന്നു.

വർഷം	സബ്സിഡി (രൂപ കോടി)	കമ്പോള ഇടപെടൽ (രൂപ കോടി)
1996-97	73.00	ഇല്ല
1997-98	124.21	50.00
1998-99	111.00	50.00
1999-2000	111.00	60.00
2000-2001	111.00	50.00
ആകെ	530.21	210.00

(സി) ഉണ്ട്.

(ഡി) 111 കോടി രൂപ ബജറ്റിലും കൂടാതെ ബജറ്റ് പ്രസംഗത്തിൽ 39 കോടി രൂപ അധികമായി നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) റേഷൻ അരി കഴിഞ്ഞ വർഷം നൽകിയ വിലക്കുതന്നെ നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

സർക്കാർ നൽകാനുള്ള കുടിശ്ശികകൾ

8 (962) ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ, കരാറുപണി കുടിശ്ശിക, തൊഴിലില്ലായ്മ വേതനം, ജീവനക്കാർക്കുള്ള ക്ഷാമബത്ത എന്നീ ഇനങ്ങളിൽ മേയ് 31 വരെ എന്തു കുടിശ്ശിക ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോയിനത്തിലും നൽകാനുള്ളതിന്റെ കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശികകൾ എന്നത്തേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) 1999-2000 വർഷത്തിൽ പദ്ധതിയടങ്കലിൽ കുറവ് വരുത്തിക്കൊണ്ട് എന്നെങ്കിലും ആനുകൂല്യങ്ങളും, കുടിശ്ശികയോ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. സാമൂഹ്യസുരക്ഷിതത്വ പെൻഷൻ പട്ടികയിൽ കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ 48.35 കോടി രൂപ കുടിശ്ശികയായി നൽകുവാനുണ്ട്. മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

2. ലഭ്യമായ വിവരങ്ങൾ വച്ചു കരാറുപണി കുടിശ്ശിക 693.51 കോടി രൂപയാണ്.

3. തൊഴിലില്ലായ്മ വേതനം ലഭ്യമായ ഗുണഭോക്താക്കളുടെ കണക്കനുസരിച്ച് 2000 മേയ് 31 വരെ 47.59 കോടി രൂപയാണ്.

(ബി) 1. കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ 1.7.99 മുതൽ 31.5.2000 വരെ 11 മാസത്തേക്ക് 48.35 കോടിരൂപ.

2. പൊതുമരാമത്ത് ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്കേഴ്സ് വിഭാഗത്തിൽ 31.3.2000 വരെ കരാർ കുടിശ്ശിക 70.67 കോടിരൂപയായിരുന്നു. പൊതുമരാമത്ത് റോഡുകളും പാലങ്ങളും വിഭാഗത്തിൽ 31.3.2000 ൽ തയ്യാറാക്കിയ കണക്കനുസരിച്ച് 528 കോടി രൂപ കുടിശ്ശികയുണ്ട്. പൊതുമരാമത്ത് ദേശീയ പാത വിഭാഗത്തിൽ കരാറുകാർക്ക് 31.5.2000 വരെ 5.30 കോടി രൂപയും ജലസേചനവകുപ്പിന് 31.5.2000 വരെ 89.54 കോടി രൂപയും കുടിശ്ശികയുണ്ട്.

3. തൊഴിലില്ലായ്മവേതനം 100 രൂപ നിരക്കിൽ 6/99 മുതൽ 3/2000 വരെ 10 മാസത്തേക്ക് 38.38 കോടി രൂപയും, 120/- രൂപ നിരക്കിൽ 4/2000, 5/2000 എന്നീ രണ്ട് മാസത്തേക്ക് 9.21 കോടി രൂപ ഉൾപ്പെടെ ആകെ 47.59 കോടി രൂപ കുടിശ്ശിക ഉണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് കഴിവതും വേഗം സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം, കരാർ പണി സംബന്ധിച്ച കുടിശ്ശികകൾ എന്നിവ കൊടുത്ത് തീർക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(ഡി) 1999-2000 ലെ പദ്ധതിയടങ്കലിൽ കുറവു വരുത്തിയിരുന്നില്ല.

സുരക്ഷിതത്വ പെൻഷനുകളുടെ കുടിശ്ശിക

9 (963)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ഏപ്രിൽ 1-ാം തീയതിയിലെ കണക്കനുസരിച്ച് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ എത്രമാസത്തെ കുടിശ്ശികയുണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly